# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1645 25.03.2013 ലെ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കെ.ജയചന്ദ്രൻ | ശ്രീ.ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |

| | |
|---|---|
| (എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ഇടുക്കി ജില്ലയിൽ നിന്ന് എത്ര പരാതികളാണ് ലഭിച്ചത് ; എത്ര പരാതികൾ ഇതുവരെ പരിഹരിച്ചു നൽകി; | (എ) 43,400 അപേക്ഷകൾ ലഭിച്ചു. 22,043 അപേക്ഷകൾ പരിഹരിച്ചു. |
| (ബി) ഇടുക്കി ജില്ലയിൽ ഇതുവരെ പരിഹരിച്ചു നൽകാത്തതായി എത്ര പരാതികളാണ് ഉള്ളത് ; ഇവ പരിഹരിച്ച് നൽകുന്നതിന് കാലതാമസം നേരിടുന്നത് എന്തു കൊണ്ട് ; വിശദാംശം നൽകുമോ ;<br><br>(സി) പരാതികൾ അടിയന്തിരമായി പരിഹരിക്കുന്നതിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് വിശദമാക്കാമോ ?. | (ബി)& (സി) 21,357 അപേക്ഷകൾ പരിഹരിക്കാനുണ്ട്.<br><br>തീർപ്പാക്കാൻ അവശേഷിക്കുന്നവ പട്ടയം, ബി.പി.എൽ റേഷൻ കാർഡ്, ഭൂമി സംബന്ധം, വിവിധ ലോണുകളിൽ ഇളവ് ലഭ്യമാക്കുന്നത് എന്നിവ സംബന്ധിച്ചാണ്. അതുകൊണ്ട് തന്നെ അവ തീർപ്പാക്കാൻ സ്വാഭാവികമായും കാലതാമസം ഉണ്ടാകുന്നു.<br><br>എല്ലാ മാസവും നടക്കുന്ന ജില്ലാതല ഉദ്യോഗസ്ഥരുടെ അവലോകന യോഗത്തിൽ ജനസമ്പർക്ക പരിപാടി ഫയലുകൾ |

| | |
|---|---|
| | സംബന്ധിച്ച് ചർച്ച ചെയ്യാറുള്ളതും നടപടി സ്വീകരിച്ച് വരുന്നതുമാണ്. ജനസമ്പർക്ക പരിപാടിയ്ക്ക് ശേഷം നടത്തിയ മൂന്നു പട്ടയ മേളകളിൽ ജനസമ്പർക്ക പരിപാടിയിൽ പട്ടയം ലഭിക്കുന്നതിന് ലഭിച്ച പരാതികളിലും നടപടി സ്വീകരിച്ച് പട്ടയം നൽകിയിട്ടുണ്ട്. തുടർന്നും പട്ടയ അപേക്ഷകൾ പരിശോധിച്ച് നിയമാനുസൃതം നൽകാനുള്ളവ പട്ടയ മേളകളിലൂടെ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ലോണുകളിൽ ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് നൽകുന്നതിന് ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>തീർപ്പാക്കാതെ കിടക്കുന്ന അപേക്ഷകളിൽ ഉടനടി തീർപ്പു കല്പിച്ച് റിപ്പോർട്ട് ചെയ്യാൻ ഇടുക്കി ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ